കൊക്കായുള്ള കേന്ദ്രസഹായം പങ്കുവയ്ക്കുമ്പോൾ, സംസ്ഥാനങ്ങൾ തമ്മിലുള്ള റവന്യൂ മിച്ചത്തിലുള്ള ഭീമമായ അന്തരം കുറയ്ക്കുവാനും റവന്യൂ മിച്ചം കുറവായ സംസ്ഥാനങ്ങൾക്ക് ചുരുങ്ങിയത് എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം ശരാശരി റവന്യൂ മിച്ചമെങ്കിലും ഉണ്ടാക്കുന്നതിനും വേണ്ടി കേന്ദ്രസഹായത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തണമെന്ന ഒരു വാദമാണ് പിന്നോക്ക സംസ്ഥാനങ്ങൾ മുഖ്യമായും ഉന്നയിച്ചത്. സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം ഇപ്പോൾ നിലവിലുള്ള ഗാഡ്ഗിൽ ഫോർമുലയനുസരിച്ചുതന്നെ സംസ്ഥാനങ്ങൾക്ക് വീതിക്കുവാനും കേന്ദ്രാവിഷ്കൃതപദ്ധതികൾ പരമാവധി ചുരുക്കി മിച്ചംവരുന്ന 2000 കോടി രൂപ സംസ്ഥാനങ്ങളുടെ പ്രതിശീർഷവരുമാനവും ജനസംഖ്യയും കണക്കിലെടുത്തുകൊണ്ട് സംസ്ഥാനങ്ങൾക്ക് വീതിക്കുവാനും ആണ് അവസാനമായി തീരുമാനിച്ചത്. 1978–83 കാലഘട്ടത്തേക്കുള്ള ദേശീയ പദ്ധതിക്ക് അവസാനരൂപം നൽകാൻ ആസൂത്രണകമ്മീഷൻ സംസ്ഥാന ഗവൺമെൻറുകളുമായി വീണ്ടും ചർച്ചകൾ നടത്തുന്നതാണ്. സംസ്ഥാന പദ്ധതികൾക്ക് കേന്ദ്രസഹായം പങ്കിടുന്ന കാര്യത്തിലും പ്രത്യേകിച്ച് പിന്നോക്ക സംസ്ഥാനങ്ങൾക്ക് കൂടുതൽ സഹായം അനുവദിക്കുന്ന കാര്യത്തിലും, ദേശീയ വികസന കൗൺസിൽ കുറച്ചുകൂടി ധീരവും പുരോഗമനപരവുമായ ഒരു സമീപനമാണ് സ്വീകരിക്കേണ്ടിയിരുന്നതെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

സമ്പദ്വ്യവസ്ഥ

1978–ൽ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ പൊതുവേ തൃപ്തികരമായിരുന്നു. സംസ്ഥാനത്തെ ഉപഭോക്തൃവിലസൂചികയിലുണ്ടായ ശരാശരി വർദ്ധനവ് മുന്നു ശതമാനത്തിൽ കുറവായിരുന്നു. അഖിലേന്ത്യാതലത്തിൽ ഇത് 4.4 ശതമാനമാണ്. സംസ്ഥാനത്ത് നിലവിലുള്ള പൊതുവിതരണസമ്പ്രദായം കാര്യക്ഷമമായിരുന്നതുകൊണ്ട് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം സാമ്പത്തികസ്ഥിതിയെ കാര്യമായൊന്നും ബാധിക്കുകയുണ്ടായില്ല. ഭക്ഷ്യധാന്യമൊഴിച്ചുള്ള കാർഷിക വിളകളുടെ മൊത്തവിലയിലുണ്ടായ വർദ്ധനവ്, ഭക്ഷ്യേതര വിളകൾ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പ്രയോജനകരമായിരുന്നു. ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്കുകളനുസരിച്ച്, കഴിഞ്ഞകൊല്ലം വിദേശരാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക് അയയ്ക്കപ്പെട്ട മൊത്തംതുക 1800 കോടി രൂപയാണ്. ഇതിൽ 400 കോടി രൂപ കേരളത്തിലേക്കാണ് വന്നത്. ഇത് പ്രധാനമായും ഗൾഫ് നാടുകളിൽ ജോലി നോക്കുന്ന കേരളീയരിൽനിന്നുമാണ്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലേയും കുടുംബങ്ങളുടെ ജീവതനിലവാരം ഉയർത്താൻ ഇത് സഹായകമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ നല്ലൊരു ഭാഗം വീടുകൾ പണിയുവാനും വസ്തുവകകൾ വാങ്ങുവാനുമായാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഇതുമൂലം നാട്ടിൻപുറത്തുപോലും വസ്തുക്കളുടെ വില ക്രമാതീതമായി ഉയർന്നിട്ടുണ്ട്. ഇങ്ങനെ പുറമെനിന്നു വരുന്ന പണം, സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തിരിച്ചുവിടാൻ കഴിയാതെ വരുന്നപക്ഷം, പണപ്പെരുപ്പം വർദ്ധിക്കുകയും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഷ്കരമായിത്തീരുകയും ചെയ്യും. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ഗൾഫ് നാടുകളിൽനിന്നും കേരളത്തിലേക്കയക്കുന്ന പണത്തിന്റെ ഒരു ഭാഗം സ്വരൂപിച്ചു പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ സാധിക്കത്തക്കവിധം ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക സ്ഥാപനം ഉണ്ടാക്കുന്നതിനു നാം ശ്രമിച്ചുവെങ്കിലും റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുമതി ഇതേവരെ ലഭിക്കുകയുണ്ടായില്ല. എങ്കിലും ലഘുസമ്പാദ്യപദ്ധതി മുഖേനയും മറ്റു നിക്ഷേപപദ്ധതികളിലൂടെയും മറുനാടുകളിൽനിന്നും കേരളത്തിലേക്കയക്കുന്ന പണത്തിന്റെ നല്ലൊരു ഭാഗം സ്വരൂപിക്കുവാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ 1976–77 ലെ പ്രതിശീർഷവരുമാനം മുൻകൊല്ലത്തേക്കാൾ 6.5 ശതമാനം കണ്ട് വർദ്ധിച്ചിരുന്നു. സമ്പദ്വ്യവസ്ഥയിൽ പ്രാഥമിക മേഖലയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായെങ്കിലും മറ്റു മേഖലകളിൽ വരുമാന വർദ്ധനവുണ്ടായി. ജില്ലാടിസ്ഥാനത്തിലുള്ള മൊത്തം വരുമാനം പരിശോധിച്ചതിൽ, ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലും, ഏറ്റവും കുറഞ്ഞത് ഇടുക്കിജില്ലയിലുമാണ്. 1976–77-ൽ അഖിലേന്ത്യാ പ്രതിശീർഷവരുമാനം 1081 രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 968 രൂപയായിരുന്നു. പ്രതിശീർഷ ദേശീയവരുമാനം സ്ഥിരവിലനിലവാരത്തിന്റെ അടിസ്ഥാനത്തിൽ 1960–61ൽ 307 രൂപ ആയിരുന്നത് 1975–76 ൽ 366 രൂപയായി ഉയർന്നപ്പോൾ സംസ്ഥാന പ്രതിശീർഷ വരുമാനം 259 രൂപയിൽനിന്നും 297 രൂപയായി മാത്രമേ വർദ്ധിച്ചുള്ളു. അതായത് ദേശീയവരുമാനത്തിൽ 59 രൂപയുടെ വർദ്ധനവ് ഉണ്ടായപ്പോൾ നമ്മുടെ സംസ്ഥാനത്ത് 38 രൂപയുടെ വർദ്ധനവ് മാത്രമേ ഉണ്ടായുള്ളു. 1960–61 ലെ അഖിലേന്ത്യാ പ്രതിശീർഷവരുമാനവും സംസ്ഥാനത്തിന്റെ പ്രതിശീർഷവരുമാനവും തമ്മിലുണ്ടായിരുന്ന അന്തരം കാര്യമായി കുറയ്ക്കുവാൻ നമുക്കു സാധിച്ചിട്ടില്ലെന്നവസ്തുതയാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കണക്കുകളനുസരിച്ച് 1978 അവസാനത്തിൽ സംസ്ഥാനത്തെ മൊത്തം തൊഴിൽരഹിതരുടെ എണ്ണം 10.53 ലക്ഷമാണ്. ഇതിൽ അമ്പതുശതമാനത്തിൽ കൂടുതൽപേർ എസ്.എസ്.എൽ.സി.യും അതിൽ കൂടുതലും വിദ്യാഭ്യാസയോഗ്യതയുള്ളവരാണ്. മുൻകൊല്ലത്തെ അപേക്ഷിച്ച് പൊതുമേഖലയിലും സഹകാര്യമേഖലയിലും തൊഴിലവസരങ്ങളിൽ ഉണ്ടായ വർദ്ധനവ് കുറവായിരുന്നു. തൊഴിൽരഹിതർക്ക് സാമ്പത്തികാശ്വാസം നൽകാനുദ്ദേശിച്ചുകൊണ്ട്, 1978 ജൂലായ് മാസത്തിൽ സംസ്ഥാന ഗവൺമെന്റ് തൊഴിലില്ലായ്മ വേതനപദ്ധതി നടപ്പാക്കി. ആകെ കിട്ടിയ 2.01 ലക്ഷം അപേക്ഷകളിൽ, 1.70 ലക്ഷം അപേക്ഷകർ തൊഴിലില്ലായ്മ വേതനത്തിന് അർഹരാണെന്ന് കാണുകയും, അതിൽ ഭൂരിപക്ഷം പേർക്കും സഹായധനത്തിന്റെ ആദ്യഗഡു നൽകപ്പെടുകയും ചെയ്തു. 1976-77-ൽ ഭക്ഷ്യോൽപ്പാദനം 12.54 ലക്ഷം ടൺ ഉണ്ടായിരുന്നത്, 1977-78-ൽ 12.95 ലക്ഷം ടൺ ആയി വർദ്ധിച്ചു. കാപ്പി, കുരുമുളക്, ഇഞ്ചി, കശുവണ്ടി മുതലായവയുടെ ഉൽപ്പാദനത്തിലും കാര്യമായ വർദ്ധനവുണ്ടായി. 1973-74 മുതൽ സമുദ്രോൽപ്പന്നങ്ങളിൽനിന്നുള്ള വരവ് കുറഞ്ഞുവരികയായിരുന്നു. ഈ സ്ഥിതി ഇപ്പോൾ മാറിയിട്ടുണ്ട്. 1976–77 ൽ അത് 3.55 ലക്ഷം ടൺ ആയും, 1977–78 ൽ അത് 3.69 ലക്ഷം ടൺ ആയും വർദ്ധിക്കുകയുണ്ടായി. എന്നിരുന്നാലും സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽനിന്നുള്ള വരുമാനം മുൻകൊല്ലത്തെ അപേക്ഷിച്ച് കുറവായിരുന്നു. കേരളത്തിലെ തുറമുഖങ്ങളിൽനിന്നുള്ള കയറ്റുമതിയിൽ 1977–78 ൽ ഗണ്യമായ വർദ്ധനവുണ്ടായി. 1976–77 ൽ കയറ്റുമതി ചെയ്ത സാധനങ്ങളുടെ വില 400 കോടി രൂപയായിരുന്നു. 1977–78 ൽ അത് 439 കോടി രൂപയായി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു. ഇതിൽ പ്രധാനപ്പെട്ടവ സമുദ്രോൽപ്പന്നങ്ങളം, കുരുമുളക്, കശുവണ്ടിപ്പരിപ്പ്, തേയില, കാപ്പി, കയർ, കയറുൽപ്പന്നങ്ങളം മുതലായവയായിരുന്നു.

1977-78-ലെ കണക്കുകൾ

നടപ്പുവർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് വ്യക്തമാക്കിയിരുന്നതുപോലെ 1977–78–ാമാണ്ട് അവസാനിക്കുമ്പോൾ 45 കോടിയിലധികം കമ്മി പാടില്ലെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. 1977–78-ലെ കണക്കുകളനുസരിച്ച് ആണ്ടവസാനത്തെ കമ്മി 15 കോടി രൂപയാണ്—അതായത് പ്ലാനിംഗ് കമ്മീഷൻ പ്രതീക്ഷിച്ചതിൽനിന്നും എത്രാണ്ട് 30 കോടി കുറവ്. റവന്യൂ അക്കൗണ്ടിലെ വരവ് 445 കോടി രൂപയും ചെലവ് 416 കോടി രൂപയും റവന്യൂ മിച്ചം 29 കോടി രൂപയുമായിരുന്നു. മൂലധനച്ചെലവ് 73 കോടി രൂപയും വായ്പകളും മുൻകൂറുകളും ഇനത്തിലെ ചെലവ് 26 കോടി രൂപയുമായിരുന്നു. വരവിനങ്ങളിലെ വർദ്ധനവും വ്യയനിയന്ത്രണവുംകൊണ്ടാണ് കമ്മി ഇത്ര കുറച്ചുകൊണ്ടുവരുവാൻ ഗവൺമെൻറിനു കഴിഞ്ഞത്. പദ്ധതി ച്ചെലവിൽ അൽപ്പവും കുറവു വരുത്തിയതുമില്ല. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 136 കോടി രൂപയുടെ പദ്ധതി വളരെ വർദ്ധിപ്പിക്കുവാൻ നമുക്കു കഴിഞ്ഞു. 1977–78ലെ സംസ്ഥാന പദ്ധതിച്ചെലവ് 166 കോടി രൂപയായിരുന്നു.

1978-79-ലെ പുതുക്കിയ എസ്റ്റിമേറ്റ്

1978 മാർച്ചിൽ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രകാരം, 1978–79 ൽ 468 കോടി രൂപയുടെ റവന്യൂ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇത് 505 കോടി രൂപയായിരിക്കും. റവന്യൂ അക്കൗണ്ടിലെ ചെലവ് 473 കോടി രൂപയിൽനിന്ന് 495 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം ജീവനക്കാർക്കു നൽകിയ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു വേണ്ടിവന്ന അധികച്ചെലവ് റോഡ് മെയിൻറനൻസ് പോലെയുള്ള പ്രധാന ഇനങ്ങളിലെ കൂടുതൽ ചെലവ് എന്നിവ കാരണമാണ് ഈ വർദ്ധനവുണ്ടായത്. സംസ്ഥാന പദ്ധതി ചെലവ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന 184 കോടി രൂപയുടെ സ്ഥാനത്ത് 195 കോടി രൂപയായി വർദ്ധിക്കുന്നതാണ്. ഇതിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രഗവൺമെൻറ് നൽകിയ 11 കോടി രൂപയുടെ പ്ലാൻ സഹായവും ഉൾപ്പെടുന്നു. നടപ്പുവർഷത്തെ മൊത്തം കമ്മി 21 കോടി രൂപയായി കണക്കാക്കിയിരുന്നുവെങ്കിലും പുതുക്കിയ അടങ്കലനുസരിച്ച് 4 കോടിരൂപയുടെ മിച്ചമാണ് പ്രതീക്ഷിക്കുന്നത്. വർഷാരംഭമുണ്ടായിരുന്ന 15 കോടി രൂപയുടെ കമ്മി നികത്തുവാനായി കേന്ദ്രഗവൺമെൻറ് വായ്പ തരാമെന്ന് സമ്മതിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly